(1)	(2)	(3)
4	ആലപ്പുഴ	4
5	മാവേലിക്കര	3
6	കായംകുളം	2
7	അരൂർ	3
	ആകെ	29

(ബി) 12-9-2013 ലെ ജി.ഒ (ആർ.റ്റി)354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമാണ് കാവ് സംരക്ഷണ പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നത്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്ന് വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്ര പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവ് സംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത സംസ്ഥാനതല വിദഗ്ധസമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെയും ആയതിലെ ജൈവവൈവിദ്ധ്യ സമ്പന്നതയുടെയും അടിസ്ഥാനത്തിൽ യോഗ്യമായ അഞ്ച് കാവുകൾ വീതം ഓരോ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കുകയും, തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ടി കാവുകളുടെ ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോ പ്ലാനിന്റെ അംഗീകാരത്തിന് വിധേയമായിട്ടുമാണ് ധനസഹായം നൽകിവരുന്നത്. കാവുകളിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു:

1. കാവുകളിലെ സസ്യജന്യ വൈവിദ്ധ്യം തിട്ടപ്പെടുത്തുക.
2. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചുപിടിപ്പിക്കുക/സ്വഭാവിക സസ്യ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.
3. സംരക്ഷണത്തിനായി കാവിന് ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.
4. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

വനഭൂമി കയ്യേറ്റം

286 (290) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനധികൃതമായി വനഭൂമി കൈവശം വച്ചുവരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച കേസുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വനഭൂമി കയ്യേറാൻ ശ്രമിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; കൈയ്യേറ്റം ചെയ്ത ഭൂമിയിൽ ഇനിയും തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ലാത്ത കേസുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച എത്ര ഏക്കർ ഭൂമിയിൽ വീണ്ടും കൈയ്യേറ്റം നടക്കുകയുണ്ടായിട്ടുണ്ട് ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 413 കേസുകളാണുള്ളത്. അവയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ജില്ല	കേസുകളുടെ എണ്ണം
തിരുവനന്തപുരം	7
കൊല്ലം	7
പത്തനംതിട്ട	3
എറണാകുളം	118
തൃശ്ശൂർ	12
ഇടുക്കി	53
പാലക്കാട്	111
വയനാട്	161
മലപ്പുറം	27
കോഴിക്കോട്	3
കണ്ണൂർ	1
കാസർഗോഡ്	17
ആകെ	413

(ബി) 3123 പേർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കയ്യേറ്റം ചെയ്ത ഭൂമിയിൽ തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ലാത്ത 68 കേസുകളുണ്ട്.

(സി) മൂന്നാർ ഡിവിഷനിലെ അടിമാലി റെയിഞ്ചിൽ 1 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 3 മീറ്റർ വീതിയിലും 36 മീറ്റർ നീളത്തിലും മണ്ണെടുക്കാൻ ശ്രമിച്ചതിനാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly